അനെർട്ട് വഴി നടപ്പിലാക്കുന്ന പദ്ധതികൾ

53 (2254) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിന് അനെർട്ട്വഴി നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) അനെർട്ട് മുഖാന്തിരം വില്പന നടത്തി വരുന്ന ഉപകരണങ്ങൾ എന്തൊക്കെയാണെന്നും ഓരോന്നിനും എ.പി.എൽ. വിഭാഗക്കാരുടെയും ബി.പി.എൽ വിഭാഗക്കാരുടെയും പക്കൽനിന്നും ഈടാക്കി വരുന്ന തുക എത്ര വീതമാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഉപകരണങ്ങൾ വാങ്ങുന്നതിന് ഓരോ വിഭാഗക്കാരും അനെർട്ടിൽ സമർപ്പിക്കേണ്ട രേഖകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിന് അനെർട്ട്വഴി നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) സോളാർ എൽ.ഇ.ഡി. റാന്തലുകളും സോളാർ സി.എഫ്.എൽ. റാന്തലുകളുമാണ് അനെർട്ടിന്റെ ജില്ലാ ഓഫീസുകളിൽനിന്ന് പ്രധാനമായും വില്പന നടത്തിവരുന്നത്. എ.പി.എൽ., ബി.പിഎൽ. വിഭാഗക്കാർ സോളാർ റാന്തലുകൾക്കായി നൽകേണ്ട തുക ചുവടെ ചേർക്കുന്നു:

നം.	സോളാർലാന്റേൺ മോഡൽ	വിഭാഗം	ഗ്രണഭോക്തൃ വിഹിതം
1	സോളാർ എൽ.ഇ.ഡി. ലാന്റേൺ	ജനറൽ	1740
2	സോളാർ എൽ.ഇ.ഡി. ലാന്റേൺ	എസ്.സി./എസ്.റ്റി./ ബി.പി.എൽ/ഫിഷർമാൻ	1240
3	സോളാർ സി.എഫ്.എൽ ലാന്റേൺ	ജനറൽ	1690
4	സോളാർ സി.എഫ്.എൽ. ലാന്റേൺ	എസ്.സി./എസ്.റ്റി./ ബി.പി.എൽ/ ഫിഷർമാൻ	1190

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സോളാർ റാന്തലുകൾ അനെർട്ടിന്റെ ജില്ലാ ഓഫീസുകളിൽനിന്നും വാങ്ങുന്നതിനായി ജനറൽ വിഭാഗത്തിലുള്ള ഗുണഭോക്താക്കൾ റേഷൻ കാർഡ് ഹാജരാക്കേണ്ടതാണ്. എസ്.സി./എസ്.റ്റി./ബി.പി.എൽ/ഫിഷർമാൻ വിഭാഗത്തിലുള്ള ഗുണഭോക്താക്കൾ ഒറിജിനൽ റേഷൻ കാർഡ് ഹാജരാക്കുന്നതിനു പുറമെ എസ്.സി./എസ്.റ്റി./ബി.പി.എൽ./ഫിഷർമാൻ വിഭാഗത്തിൽപ്പെട്ടവരാണെന്ന് തെളിയിക്കുന്നതിനുള്ള രേഖകളുടെ പകർപ്പും ഹാജരാക്കേണ്ടതാണ്.

സൗരോർജ്ജ പദ്ധതി

54(2255) ശ്രീ. ലൂഡി ലൂയിസ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. സി. പി. മുഹമ്മദ്:
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗരോർജ്ജ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് പാരിസ്ഥിതിക പ്രശ്നങ്ങളില്ലാത്ത നവീകരണോർജ്ജം പരമാവധി പ്രയോജനപ്പെടുത്തുക, ഉപഭോക്താക്കൾക്ക് ആവശ്യമായ വൈദ്യുതോർജ്ജം പരമാവധി സ്വയം ഉല്പാദിപ്പിക്കാൻ പ്രോൽസാഹിപ്പിക്കുക, സംസ്ഥാനത്ത് ഇറക്കുമതി ചെയ്യുന്ന വൈദ്യുതിയുടെ അളവ് കുറയ്ക്കുക, നിയമപരമായ നവീകരണ ഊർജ്ജ ക്രയബാധ്യത (R.P.O.) നിറവേറ്റുക തുടങ്ങിയവയാണ് സൗരോർജ്ജത്തിൽ നിന്നുള്ള പദ്ധതികൾ സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്നതുവഴി ലക്ഷ്യമിടുന്നത്.

(സി) 2012-13-ൽ ഭരണാനുമതി ലഭിച്ച 10000 സൗരഗൃഹ പദ്ധതിയിൽ സംസ്ഥാന സർക്കാർ 6400 പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതിയും തുടർന്ന് 2014-15-ൽ ബാക്കിയുള്ള 3600 പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതിയിൽ 2015-16 കാലയളവിൽ സംസ്ഥാന സർക്കാർ 15.47 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly